# കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി

നമ്പർ : എച്ച്.2-772/09.                                        തിയ്യതി :  20-08-2011.

ജില്ലാ കളക്ടർ & എക്സിക്യൂട്ടീവ് ഓഫീസർ
കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി ഓഫീസ്
കാലിക്കറ്റ് എയർപ്പോർട്ട്-പി.ഒ, മലപ്പുറം - 673 647.
ഫോൺ : 0483-2710717.

## ദർഘാസ് പരസ്യം

കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്കു വേണ്ടി താഴെ പറയുന്ന പ്രവൃത്തികൾക്ക് ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസ് ഫോറങ്ങൾ www.keralahajcommittee.org എന്ന website ൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ഫോറത്തിന്റെ നികുതി ഉൾപ്പെടെയുള്ള വില ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നെടുത്ത ജില്ലാ കളക്ടർ & എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി ഓഫീസ്, കരിപ്പൂർ, മലപ്പുറം എന്ന പേരിൽ മാറാവുന്ന വിധത്തിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസ് ഫോറത്തിന്റെ വിലയായി ചെക്കുകളോ, മറ്റേതെങ്കിലും തരത്തിലുള്ള ഒടുക്കലുകളോ, സ്വീകരിക്കുന്നതല്ല. ആവശ്യമായ തുകക്കുള്ള നിരതദ്രവ്യം അംഗീകരിച്ചിരിക്കുന്ന രീതിയിൽ മേൽ പറഞ്ഞ ഉദ്യോഗസ്ഥന്റെ പേരിൽ പ്ലഡ്ജ് ചെയ്ത് ദർഘാസിനോടൊപ്പം സമർപ്പിക്കണം. ഇതോടൊപ്പം കരാറുകാരന്റെ ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും, പാൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും സമർപ്പിക്കേണ്ടതാണ്. താഴെ കാണിച്ചിരിക്കുന്ന തിയ്യതികളിൽ രജിസ്ട്രേഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖേന ഈ ഓഫീസിൽ ദർഘാസുകൾ ലഭിക്കേണ്ടതാണ്. ഈ ഓഫീസിൽ ദർഘാസുകൾ നേരിട്ട് സ്വീകരിക്കുന്നതല്ല. തപാൽ വകുപ്പിനുള്ള കാലതാമസത്തിന് ഈ ഓഫീസ് ഉത്തരവാദിയായിരിക്കുന്നതല്ല.

| ക്രമ നം. | ദർഘാസ് നമ്പർ | പ്രവർത്തിയുടെ പേര്, അടങ്കൽ തുക, നിരതദ്രവ്യം, കാലാവധി | ദർഘാസ് പ്രമാണ വില / ഡിമാന്റ് | ദർഘാസ് പ്രമാണം വെബ് സൈറ്റിൽ ലഭ്യമാകുന്ന തിയ്യതി | ദർഘാസ് സ്വീകരിക്കുന്ന അവസാന തിയ്യതി | കരാറുകാരനു വേണ്ട യോഗ്യത |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1. | 2/10-11 കെ.എസ്. എച്ച്.സി. | കേരള സ്റ്റേറ്റ് ഹജ്ജ് ഹൗസിന്റെ മെയിന്റനൻസ്, ലിഫ്റ്റ് റൂം വർക്ക് അടങ്കൽ തുക - 4,87,836രൂപ നിരതദ്രവ്യം - 12,200/- തീർക്കേണ്ട കാലാവധി-21 ദിവസം | 1,045/- | 21-8-2011 | 27-8-2011 4 മണിവരെ | ഡി ക്ലാസ്സും അതിന് മുകളിലും |
| 2. | 3/10-11 കെ.എസ്. എച്ച്.സി. | കേരള സ്റ്റേറ്റ് ഹജ്ജ് ഹൗസിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള ഇലക്ട്രിക്കൽ വർക്കുകൾ. അടങ്കൽ തുക- 24,507.30 രൂപ നിരതദ്രവ്യം - 700/- തീർക്കേണ്ട കാലാവധി-14 ദിവസം | 314/- | 21-8-2011 | 27-8-2011 4 മണിവരെ | സി ക്ലാസ്സും അതിന് മുകളിലും |
| 3. | 4/10-11 കെ.എസ്. എച്ച്.സി. | **പുനർ ദർഘാസ്** കേരള സ്റ്റേറ്റ് ഹജ്ജ് ഹൗസിന്റെ മുൻഭാഗത്ത് ഗെയിറ്റിന്റെയും കൻമതിലിന്റെയും നിർമ്മാണം. അടങ്കൽ തുക - 20 ലക്ഷം നിരതദ്രവ്യം - 50,000/- തീർക്കേണ്ട കാലാവധി-3 മാസം | 4,180/- | 21-8-2011 | 27-8-2011 4 മണിവരെ | ബി ക്ലാസ്സും അതിന് മുകളിലും |

പ്രവൃത്തിയുടെ ദർഘാസുകൾ സ്വീകരിക്കുന്ന അവസാന ദിവസം വൈകുന്നേരം 4.30 ന് സന്നിഹിതരായിട്ടുള്ള കരാറുകാരുടെ മുമ്പിൽ വെച്ച് തുറക്കുന്നതാണ്. ഈ പ്രവൃത്തി സമയബന്ധിതമായ കാലാവധിക്കുള്ളിൽ പൂർത്തിയാക്കേണ്ടതിനാൽ അതിനുള്ള സജ്ജീകരണങ്ങളും സാമ്പത്തിക സ്ഥിതികളും മറ്റു തയ്യാറെടുപ്പുകളും ഉള്ള കരാറുകാർ മാത്രം പങ്കെടുക്കേണ്ടതാണ്. പ്രവൃത്തികളുടെ ബില്ലുകൾ കിട്ടുവാനുള്ള കാലതാമസം മൂലം പ്രവൃത്തി താമസിപ്പിക്കാൻ പാടുള്ളതല്ല. പ്രവൃത്തി തീർക്കുവാനുള്ള കാലാവധി PWD ഫോറം നമ്പർ 83-ലെ നിബന്ധനകൾ എന്നിവയെല്ലാം പ്രത്യേകം പരിഗണിക്കേണ്ടതാണ്. എന്തെങ്കിലും കാരണവശാൽ ദർഘാസ് ദിവസം അവധിയായാൽ അടുത്ത പ്രവൃത്തി ദിവസം സ്വീകരിക്കുന്നതും, തുറക്കുന്നതുമാകുന്നു. കരാറുകാരുടെ പേര്, മേൽവിലാസം, പ്രവൃത്തിയുടെ പേര്, എന്നിവ കവറിനു പുറത്ത് പ്രത്യേകം രേഖപ്പെടുത്തി കവറുകളിലാക്കി ടെണ്ടർ സമർപ്പിക്കേണ്ടതാണ്.

*(ഒപ്പ്)*
ജില്ലാ കളക്ടർ & എക്സിക്യൂട്ടീവ് ഓഫീസർ
കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി ഓഫീസ്
കാലിക്കറ്റ് എയർപ്പോർട്ട്-പി.ഒ, മലപ്പുറം - 673 647.